# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3692 17.12.2015-ൽ മറുപടിയ്ക്ക്

## ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ ലാത്തിചാർജ്ജ്

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് എത്ര പ്രാവശ്യം ലാത്തിചാർജ്ജ്, ടിയർ ഗ്യാസ്, ജലപീരങ്കി തുടങ്ങിയ പ്രയോഗങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) ജനകീയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്;

(ഡി) പൊതു നിരത്തിൽ പ്രകടനം നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് 26 പ്രാവശ്യം ലാത്തി ചാർജ്ജും, 97 തവണ ടിയർ ഗ്യാസും, 90 തവണ ജലപീരങ്കിയും പ്രയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളെ മർദ്ദിച്ചതായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(സി) ജനകീയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ 3,69,980 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(ഡി) പൊതു നിരത്തിൽ പ്രകടനം നടത്തിയതിന്റെ പേരിൽ 4,83,840 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ